## സഹകാരി മോട്ടോർ തൊഴിലാളികളുടെ ഫെയർ വേജസ് പുതുക്കി നിശ്ചയിച്ച നടപടി

80 [1285] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾ തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകാരി മോട്ടോർ തൊഴിലാളികളുടെ ഫെയർ വേജ പുതുക്കി നിശ്ചയിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ ;

(ബി) വേതന നിരക്ക് പുതുക്കി നിശ്ചയിക്കണമെന്നാവശ്യപ്പെട്ട് ട്രേഡ് യൂണിയനുകൾ നിവേദനം നൽകിയിട്ടുണ്ടോ ;

(സി) എങ്കിൽ നിവേദനം സംബന്ധിച്ച് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) 9-1-1997-ൽ ആണ് പുതുക്കി നിശ്ചയിച്ചത്.

(ബി) ഉണ്ട്.

(സി) വേതന നിരക്ക് പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ചുള്ള നിവേദനം സർക്കാർ പരിശോധിച്ചുവരുന്നു.

## "ഒ.ഡി.ഇ.പി.സി.-യുടെ പ്രവർത്തനങ്ങൾ"

81 [1286] ശ്രീ. ചെർക്കളം അബ്ദുള്ള :
,, യു. സി. രാമൻ :
,, സി. ടി. അഹമ്മദ് അലി :
,, കളത്തിൽ അബ്ദുള്ള :
,, ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾ തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒ.ഡി.ഇ.പി.സി.-യുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്രപേരെ ഒ.ഡി.ഇ.പി.സി വിദേശത്തേക്ക് അയച്ചിട്ടുണ്ട് ;

(സി) ഏതെല്ലാം കാറ്റഗറിയിൽപ്പെട്ടവരെയാണ് വിദേശത്തേക്ക് അയയ്ക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly